'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- കൊല്ലം ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) ആയി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഗ്രാമ വികസന വകുപ്പിലെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ. യു.ആർ. ഗോപകുമാറിന്റെ അന്യത്ര സേവന കാലയളവ് ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1165/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/06/2019

---

പരാമർശം:- 1 22.02.2017 ലെ സ.ഉ(സാധാ)നം. 512/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 10.05.2018 ലെ സ.ഉ(സാധാ)നം. 1305/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.05.2019 ലെ

1125/ബി/2018/എസ്.എം. നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) ആയി പരാമർശം (1) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതയായ ഗ്രാമ വികസന വകുപ്പിലെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ. യു.ആർ. ഗോപകുമാറിന്റെ സേവന കാലാവധി പരാമർശം (2) ഉത്തരവ് പ്രകാരം 03.05.2018 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിരുന്നു. ടിയാന്റെ അന്യത്ര സേവന കാലാവധി 03.05.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഗ്രാമ വികസന വകുപ്പിലെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറായ ശ്രീ. യു.ആർ. ഗോപകുമാറിന്റെ കൊല്ലം ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിലെ അന്യത്ര സേവന കാലയളവ് കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി 03.05.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എൽ**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് ( എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ